
രണ്ടാംപതിപ്പ്



# 60
# ജിബ്രാൻ കഥകൾ

## STORIES BY KHALIL GIBRAN

*I existed from all eternity and,*
*behold, I am here;*
*and I shall exist till the end of time,*
*for my being has no end*
*- Khalil Gibran*

## ഡോ. അസീസ് തരുവണ

വയനാട് ജില്ലയിലെ തരുവണയിൽ ജനനം. പുതിയോട്ടിൽ അഹമ്മദും ബിയ്യാത്തുവുമാണ് മാതാപിതാക്കൾ. കോഴിക്കോട് സർവ്വകലാശാലയിൽ നിന്നു ബിരുദാനന്തരബിരുദവും പി. എച്ച്. ഡി യും കരസ്ഥമാക്കി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആന്റ് റിസേർച്ച് അസിസ്റ്റന്റ് ഡയറക്ടർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കൃതികൾ: വയനാടൻ രാമായണം, ബഷീർ ഫലിതങ്ങൾ,വിദ്യാഭ്യാസ ചിന്തകൾ, ബഷീർ സംഭാഷണങ്ങൾ (എഡിറ്റിംഗ്), പ്രണയവും ധ്യാനവും, പ്രവാചകന്റെ കണ്ണുകൾ (വിവർത്തനം) The Ramayanas of Wayanad, ദൂരക്കാഴ്ചകൾ(സംഭാഷണം).

*വിലാസം:*

പുതിയോട്ടിൽ,

തരുവണ, വയനാട് - 670732.

ഫോൺ:048657534,

Email:azeeztharuvana@gmail.com

# അറുപത്
# ജിബ്രാൻ കഥകൾ

വിവർത്തനം

**ഡോ. അസീസ് തരുവണ**

ന്യൂ ബുക്സ് കണ്ണൂർ

Malayalam
60 Jibran kathakal
Stories

Translation:
Dr.Azeez Tharuvana

First Published: January 2011
Second Edition: June 2013

Cover design:
Rajesh Chalode

Printed at:
Geethanjali Offset Printers
Calicut

No part of this work may be reproduced or utilised in any form or by means without the prior written permission of the publisher
All rights reserved

Publishers
New Books
Kaoser complex, Caltex,
Kannur-2, Kerala
Phone: 0497-2769192
newbookskannur@gmail.com
www.vayanaamuri.blogspot.com

₹ : 65.00

മുഖമൊഴി



# ജിബ്രാനിലേക്കുള്ള വഴി

ഖലീൽ ജിബ്രാൻ-ആധുനിക ലെബനോൻ ലോകത്തിനു സമ്മാനിച്ച മൂന്നാംകണ്ണ്. വാക്കുകളിൽ സംഗീതവും ദൈവസാന്നിധ്യവും ഒളിപ്പിച്ചുവെച്ചവൻ. വിശുദ്ധിയുടെ ഔന്നത്യത്തിലേക്കു മനുഷ്യാത്മാവിനെ നയിക്കാൻ ശ്രമിച്ച യോഗി. അക്ഷര നക്ഷത്രങ്ങളെ കൊണ്ട് പാട്ടുപാടിയവൻ. അനശ്വരൻ."എല്ലാ മിസ്റ്റിക്കുകളും എല്ലാ കവികളും സർഗ്ഗാത്മകമായ എല്ലാ മനസ്സുകളും ഖലീൽ ജിബ്രാനിൽ ഒത്തുചേർന്ന് പരസ്പരപ്രവാഹമാകുന്നു" എന്ന് ഓഷോ.

ഖലീൽ ജിബ്രാൻ-പച്ചിലചാർത്തിലേക്ക് പെയ്തിറങ്ങുന്ന മഞ്ഞുതുള്ളിയുടെ വിശുദ്ധി. സാന്ത്വനകരസ്പർശം. ഹൃദയങ്ങളുടെ ഹൃദയങ്ങളിൽ ദിവ്യസ്നേഹത്തിന്റെ നറുതേൻ നിറച്ചവൻ. ആധുനികലോകത്തിന്റെ പ്രവാചകൻ. 'അറുനൂറു സംവത്സരങ്ങൾക്കപ്പുറവും തനിക്ക് ഫലവൃക്ഷമാകണമെന്ന്"ആശിച്ചവൻ. പ്രണയത്തിന് ജീവിതത്തിലൂടെ പുതിയ അർത്ഥം നല്കിയവൻ. കാമുകൻ.

ഖലീൽ ജിബ്രാൻ-കൊടുങ്കാറ്റിനേയും വസന്തങ്ങളേയും പ്രേമിച്ചവൻ. വേനലിൽ മുറിവേറ്റവൻ, വേദനകളെ വേദാന്തമാക്കി ഹൃദയതന്ത്രികളിൽ മീട്ടിയവൻ. 'ഹൃദയന്തരാളത്തിൽ തറഞ്ഞ ഒരു അമ്പുമായാണ് എന്റെ പിറവി, അതു വലിച്ചൂരികളയുക വേദനാകരം. തറഞ്ഞു നില്ക്കാനനുവദിക്കുന്നതും വേദനാകരം- എന്ന് ജിബ്രാൻ.

ഖലീൽ ജിബ്രാൻ- നിറങ്ങളിൽ അഭിരമിച്ചവൻ. നഗ്നതയുടെ ആത്മീയ വിശുദ്ധിയെ തിരിച്ചറിഞ്ഞ ചിത്രകാരൻ. 'ജീവിതം നഗ്നമാണ്. നഗ്നമെന്നത് ഏറ്റവും സത്യസന്ധവും കുലീനവുമായ ജീവിതത്തിന്റെ പ്രതീകമാണ് എന്ന് ജിബ്രാൻ.

ഹൃദയരക്തത്തിൽ തൂലിക മുക്കിയെഴുതിയ തത്വജ്ഞാനി. 'തത്വജ്ഞാനിയല്ലാത്തവൻ കവിയല്ലെന്നു'കോൾറിഡ്ജ്. പൗരോഹിത്യ-ജീർണവ്യവസ്ഥയ്ക്കെതിരെ കലാപക്കൊടി യുയർത്തിയ വിപ്ലവകാരി. 'ഓരോ പുരോഹിതനും പിശാചിന്റെ സൃഷ്ടിയാണ്' എന്ന് ജിബ്രാൻ.

ഖലീൽ ജിബ്രാൻ-കിഴക്കിനേയും പടിഞ്ഞാറിനേയും കൂട്ടിയോജിപ്പിച്ചപാലം. വർത്തമാനത്തിലേക്ക് കണ്ണ് തുറക്കുവാനും അന്തരാത്മാവിലേക്ക്, അവനവനിലേക്ക് തീർത്ഥാടനം ചെയ്യുന്നവനും പാഥേയമൊരുക്കിയ ദാർശനികചക്രവർത്തിലെ അഭൗമജ്യോതിസ്സ്. "തത്വജ്ഞാനികൾ നിങ്ങളിലേക്ക് വന്നത് അവരുടെ ജ്ഞാനം പകരാനാണ്, ഞാൻ നിങ്ങളുടെ ദർശനമറിയാനാണ് വന്നിരിക്കുന്നത്" എന്ന് ജിബ്രാൻ.

ഖലീൽ ജിബ്രാൻ-അത്യുദാത്തമായ ആത്മീയാനുഭവത്തിന്റെ ഉഷ്ണജലപ്രവാഹം. മാനവസ്നേഹത്തേയും ഈശ്വരീയ ചൈതന്യത്തേയും സംയോജിപ്പിക്കുന്ന സംഗീതമായി കവിതയെ കണ്ടവൻ. "അദ്ദേഹത്തിന്റെ കാവ്യശക്തി ആധ്യാത്മിക ജീവിതത്തിന്റെ സംഭരണിയിൽ നിന്നായിരുന്നില്ലെങ്കിൽ അത് ഇത്രമാത്രം ശക്തവും പ്രാപഞ്ചികവുമാകുമായിരുന്നില്ല. സുന്ദരവും ഗാംഭീര്യം മുറ്റിനില്ക്കുന്നതുമായ അതിന്റെ ഭാഷ അദ്ദേഹത്തിന്റേതു മാത്രമാണ്' എന്ന് ക്ലോഡ് ബ്രാഗ്ഡൻ.

ഖലീൽ ജിബ്രാൻ-തനിക്ക് പറയാനാവാതെ പോയ വാക്ക് വിളിച്ചുപറയാൻ ഇനിയും ഭൂമുഖത്തേക്ക് വരുമെന്ന് കാമിനിയോട് പ്രതിജ്ഞ ചെയ്തവൻ. 'അല്പകാലം കഴിയുമ്പോൾ, കാറ്റിൽ ഒരു നിമിഷത്തെ വിശ്രമത്തിനുശേഷം, വേറൊരു സ്ത്രീ എന്നെ ഗർഭത്തിൽ വഹിക്കും...'

**ഡോ. അസീസ് തരുവണ**

## നന്മയും തിന്മയും

ഒരിക്കൽ നന്മയും തിന്മയും മലമുകളിൽ വെച്ചുകണ്ടുമുട്ടി.


നന്മ ആശംസകൾ നേർന്നു. തിന്മ മറുപടിയൊന്നും പറഞ്ഞില്ല. നന്മ ചോദിച്ചു:

"അങ്ങെന്താണ് അസ്വസ്ഥനായിരിക്കുന്നത്?"

"അതെയതെ, ഈയിടെയായി ഞാൻ പലപ്പോഴും നിങ്ങളായി തെറ്റിദ്ധരിക്കപ്പെടുന്നു. നിങ്ങളുടെ പേരിൽ വിളിക്കപ്പെടുന്നു. നിങ്ങളെപ്പോലെ കണക്കാക്കപ്പെടുന്നു. ഇതെന്നെ ഒട്ടും സന്തോഷിപ്പിക്കുന്നില്ല"- തിന്മ വ്യക്തമാക്കി.

"ഞാനും അങ്ങായി തെറ്റിദ്ധരിക്കപ്പെടുന്നുണ്ട്. അങ്ങയുടെ പേരിൽ വിളിക്കപ്പെടുന്നുമുണ്ട്" - നന്മ പ്രതിവചിച്ചു.

മനുഷ്യന്റെ മണ്ടത്തരത്തെ ശപിച്ചുകൊണ്ട് തിന്മ നടന്നകന്നു.



# 60 ജിബ്രാൻ കഥകൾ
STORIES BY KHALIL GIBRAN



പരിഭാഷ:
ഡോ.അസീസ് തരുവണ

ഖലീൽ ജിബ്രാൻ എന്ന ഇതിഹാസത്തിന്റെ കരലാളനയേറ്റ ദിവ്യഭാവനയുടെ ബഹുവർണ്ണപ്രപഞ്ചമാണ് ഈ കഥകൾ. ദാർശനികാന്വേഷണങ്ങളെ വിരൽത്തുമ്പിലേറ്റി ജിബ്രാൻ നടത്തുന്ന സഞ്ചാരങ്ങളിലെ അപ്രതീക്ഷിത സാന്നിദ്ധ്യമാണ് ഈ പുസ്തകത്തിലെ ഓരോ കഥയേയും അനുഗ്രഹിച്ചിരിക്കുന്നത്.

ISBN 93-82279-04-0
9789382279044

₹ 65.00

കഥകൾ
ന്യൂ ബുക്സ്
കണ്ണൂർ